പ്രൊ. (10) 39770/13

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം

## സർക്കുലർ നം.12/2015 തീയതി..20/11/15.

വിഷയം: വനം വകുപ്പിലെ ഫീൽഡ് സ്റ്റാഫുകളുടെയും മറ്റു എക്സിക്യൂട്ടീവ് സ്റ്റാഫുകളുടേയും യൂണിഫോം കോഡ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന : 28.09.2013 ലെ സർക്കുലർ നം.02/2013

വനം വകുപ്പിലെ ഫീൽഡ് സ്റ്റാഫുകളുടേയും, മറ്റ് എക്സിക്യൂട്ടീവ് സ്റ്റാഫുകളുടേയും യൂണിഫോം കോഡ് ഏകീകരിക്കുന്നതിന്റെ ഭാഗമായി 02.08.1985 ൽ ജി.ഒ.(എം.എസ്) നം.242/85/AD നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മലയാളം, ഇംഗ്ലീഷ് സർക്കാർ ഉത്തരവിലെ അവ്യക്തത സി.സി.എഫ് കൗൺസിലിൽ ചർച്ചചെയ്തതിൽ മലയാളം പരിഭാഷയിൽ പരാമർശിക്കും പ്രകാരം 5 സെ.മീ. നീളവും, ഒരു സെ.മീ. വീതിയിലുമുള്ള, മുകളിൽ ചുമപ്പും താഴെ പച്ചയും നിറങ്ങളിലുള്ള പ്ലാസ്റ്റിക്കട്ട തോൾ സ്ട്രാപ്പിന്റെ ചൂവട്ടിൽ നിന്നും 25.4 മി.മീ പൊക്കത്തിൽ വയ്ക്കേണ്ടതാണെന്ന നിബന്ധന എല്ലാ ഫീൽഡ് ഉദ്യോഗസ്ഥന്മാരും കർശനമായി പാലിക്കേണ്ടതും ഇത് നടപ്പിലാക്കുന്നുണ്ടെന്ന് മേൽധികാരികൾ ഉറപ്പു വരുത്തേണ്ടതാണെന്നും തീരുമാനിച്ചു. ഡെപ്യൂട്ടി റെയിഞ്ചാഫീസറും, അതിനു താഴെയുള്ള ഫീൽഡ് സ്റ്റാഫുകളും ഷോൾഡറിലും, ബെൽറ്റിലും, തൊപ്പിയിലും KF എന്ന മുദ്ര മാത്രമേ ധരിക്കാവൂ. എല്ലാ സർക്കിൾതല, ഡിവിഷൻതല ഉദ്യോഗസ്ഥൻമാരും 2016 ജനുവരി ഒന്നിന് മുമ്പായി നിശ്ചയമായും മേൽ കാര്യങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

E:\Prot\2015\Pro 10\39770 Circular.doc